# കേരള സർവകലാശാല

നം.പി.ആർ.220/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ പരീക്ഷ

ആറാം സെമസ്റ്റർ ബി.ടെക് 2008 സ്കീം ജൂലൈ/ആഗസ്റ്റ് (സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ച് ഒക്ടോബർ 8 നും മെക്കാനിക്കൽ സ്ട്രീം – പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ച് ഒക്ടോബർ 12 നും നടക്കുന്നതാണ്. വിശദവിവരങ്ങൾക്ക് വിദ്യാർത്ഥികൾ അതാത് കോളേജുകളുമായി ബന്ധപ്പെടേണ്ടതാണ്.

### പുതുക്കിയ പരീക്ഷാതീയതി

2018 ആഗസ്റ്റ് 21, സെപ്റ്റംബർ 4,6,11 തീയതികളിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.എ, ബി.എസ്.സി (വിദൂരവിദ്യാഭ്യാസം – 2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ യഥാക്രമം ഒക്ടോബർ 23, 25, 30, നവംബർ 1 തീയതികളിലും, ആഗസ്റ്റ് 17, 21, സെപ്റ്റംബർ 4, 6, 11 തീയതികളിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.കോം (വിദൂര വിദ്യാഭ്യാസം – 2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ യഥാക്രമം ഒക്ടോബർ 16, 23, 25, 30, നവംബർ 1 തീയതികളിലും നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 ജൂലൈയിൽ നടത്തിയ 2016 – 2018 ബാച്ച് (സി.എസ്.എസ്) എം.ബി.എ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. എം.ബി.എ (ടൂറിസം) ജിജിജോൺ (രജി.നം.MTM 1605006) ഒന്നാം റാങ്ക് കരസ്ഥമാക്കി. എം.ബി.എ (ജനറൽ) രമ്യ എം.എസ് (രജി.നം.MGT 1605030) ഒന്നാം റാങ്ക് കരസ്ഥമാക്കി.

### യുജിസി പരീക്ഷാ പരിശീലനം

തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ UGC-NET/JRF പരീക്ഷകളുടെ ജനറൽ പേപ്പറിന് അപേക്ഷിച്ചിട്ടുള്ളവർക്ക് പരിശീലനം നൽകുന്നതിന് 2018 ഒക്ടോബർ 15 മുതൽ റഗുലർ ബാച്ചും 20 മുതൽ ഹോളിഡേ/വീക്കെന്റ് ബാച്ചും ആരംഭിക്കുന്നു. ഓരോ ബാച്ചിലും ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം നൽകുന്നത്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലുള്ള സ്റ്റുഡൻസ് സെന്ററിൽ പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ ഓഫീസിലെത്തി നേരിട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 – 2304577 എന്ന നമ്പറിൽ ബന്ധപ്പെടുക.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയുടെ നിയമ വകുപ്പ് നടത്തുന്ന 'മനുഷ്യാവകാശങ്ങളും കടമകളും' സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഒക്ടോബർ 30 ന് നടത്തുന്ന പരീക്ഷയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറം നിയമവകുപ്പിന്റെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 15. കൂടുതൽ വിവരങ്ങൾക്ക് 0471 – 2308936 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ടൈംടേബിൾ

2018 സെപ്റ്റംബർ/ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി ഹോംസയൻസ് പരീക്ഷകളുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ ഒക്ടോബർ 15 മുതൽ 25 വരെ അതതു കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 ഒക്ടോബർ 30 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഡ് (ദ്വിവത്സര പ്രോഗ്രാം – 2015 സ്കീം – റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൾപ്പ്ച്ചർ) പരീക്ഷകൾ 2018 ഒക്ടോബർ 29 ന് ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2018 നവംബർ 8 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ യൂണിറ്ററി ത്രിവത്സര എൽ.എൽ.ബി പരീക്ഷകൾക്ക് ഓൺലൈനായി ഒക്ടോബർ 8 മുതൽ രജിസ്റ്റർ ചെയ്യാം. പിഴ കൂടാതെ ഒക്ടോബർ 16 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 22 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 24 വരെയും ഫീസടയ്ക്കാം. 2011 അഡ്മിഷൻ മേഴ്സിചാൻസ് വിദ്യാർത്ഥികൾ നിർദ്ദിഷ്ട പരീക്ഷാഫീസിനോടൊപ്പം 2000/- രൂപ മേഴ്സിചാൻസ് ഫീസിനത്തിലും അടയ്ക്കേണ്ടതാണ്.

2018 നവംബർ 22 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ യൂണിറ്ററി ത്രിവത്സര എൽ.എൽ.ബി പരീക്ഷകൾക്ക് ഓൺലൈനായി ഒക്ടോബർ 22 മുതൽ രജിസ്റ്റർ ചെയ്യാം. പിഴ കൂടാതെ ഒക്ടോബർ 26 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 29 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 31 വരെയും ഫീസടയ്ക്കാം. 2011 അഡ്മിഷൻ മേഴ്സിചാൻസ് വിദ്യാർത്ഥികൾ നിർദ്ദിഷ്ട പരീക്ഷാഫീസിനോടൊപ്പം 2000/- രൂപ മേഴ്സിചാൻസ് ഫീസിനത്തിലും അടയ്ക്കേണ്ടതാണ്.

## പി.ജി സ്പോർട്സ് ക്വാട്ട സ്പോട്ട് അലോട്ട്മെന്റ് 2018 – 2019

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദാനന്തര ബിരുദം സ്പോർട്സ് ക്വാട്ട പ്രവേശനത്തിനുള്ള സ്പോട്ട് അലോട്ട്മെന്റ് ഒക്ടോബർ 8 ന് സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ഹാളിൽ വച്ച് നടത്തുന്നു.

വിവിധ കോളേജുകളിൽ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന റാങ്ക് പട്ടിക പരിശോധിക്കണം

റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികളും ഒക്ടോബർ 8 ന് രാവിലെ 11 മണിക്ക് മുൻപ് സെനറ്റ് ഹാളിൽ എത്തിച്ചേരേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്നവർ അന്നേദിവസം തന്നെ യൂണിവേഴ്സിറ്റിയിൽ ഫീസ് ഒടുക്കേണ്ടതാണ്. ജനറൽ വിഭാഗത്തിൽപ്പെടവർക്ക് 900 രൂപയും, എസ്.സി/എസ്.ടി, ഒ.ഇ.സി വിഭാഗത്തിൽപ്പെട്ടവർക്ക് 340 രൂപയുമാണ് ഫീസ്. നിശ്ചിത സമയത്തിനുശേഷം ഹാജരാകുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്

## <u>പി.ജി എസ്.സി/എസ്.ടി. സ്പോട്ട് അലോട്ട്മെന്റ് 2018 – 2019</u>

2018–19–ലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് സ്പോട്ട് അലോട്ട്മെന്റ് സർവകലാശാല സെനറ്റ് ഹാളിൽ ഒക്ടോബർ 10–ന് നടത്തുന്നു. കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ(http://admissions. keralauniversity.ac.in) പ്രസിദ്ധീകരിക്കും.

രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം കഴിഞ്ഞു വരുന്നവരെ പിന്നീട് പരിഗണിക്കുന്നതല്ല.

അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശന ഫീസായ 340/– രൂപ അന്നേ ദിവസം തന്നെ ഒടുക്കേണ്ടതാണ്. മുൻപ് പ്രവേശന ഫീസ് അടച്ചവർ അതിന്റെ രസീത് നൽകിയാൽ മതിയാകും. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും 2018 ഒക്ടോബർ 06, 07, 08, 09 എന്നീ തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്.)

**തിരുവനന്തപുരം.**

**06.10.2018**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**